19/1/23

16/01/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1449(5)/18/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 6461/SIC-G7/2018**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 16.01.2023**

| | |
|---|---|
| ശ്രീ. റിജു. എൻ,<br>വള്ളുമ്മൽ ഹൗസ്,<br>അണ്ടല്ലൂർ, പാലയാട് പി.ഒ,<br>തലശ്ശേരി, കണ്ണൂർ. | അപ്പീൽ ഹർജിക്കാരൻ |
| ശ്രീ. പ്രസാദ് വി. വി,<br>മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ധർമ്മടം ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>ധർമ്മടം പി.ഒ, കണ്ണൂർ – 670 106.<br><br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>ധർമ്മടം ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>ധർമ്മടം പി.ഒ, കണ്ണൂർ – 670 106.<br><br>അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,<br>കണ്ണൂർ. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

1. അപ്പീൽഹർജിക്കാരൻ റിജു. എൻ, 23.06.2018 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ AP No. 1449(5)/18 ആയി ഫയലിൽ സ്വീകരിച്ച് 2019 ആഗസ്റ്റ് മാസം 27–ാം തീയതി തീർപ്പാക്കിയിരുന്നതാണ്. പ്രസ്തുത ഉത്തരവിൽ ഹർജിക്കാരന്റെ 20.12.2017 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം സമയബന്ധിതമായി നൽകാതിരുന്നതും അപ്പീൽ അധികാരിയുടെ നിർദ്ദേശം ഉണ്ടായിട്ടും തൃപ്തികരമായ വിധം വിവരം നൽകുന്നതിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായി

ട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിവരാകവാശ നിയമം വകുപ്പ് 20(1)പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുകയുണ്ടായി.

2. ശിക്ഷാനടപടിയുടെ ഭാഗമായി പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയോട് വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം തൃപതികരമല്ലാത്തതിനെ തുടർന്നും നടപടി സ്വീകരിക്കുന്നതിന് മുമ്പ് ടിയാനെ നേരിൽ കേൾക്കണമെന്നും അറിയിച്ചതിനെ തുടർന്ന് കമ്മീഷൻ പരാമർശിത കാലിയവളിലെ എസ്.പി.ഐ.ഒയെ 19.12.2019 തീയതി കേൾക്കുകയുണ്ടായി.

3. വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷകളിൽ പരമാവധി വേഗത്തിൽ മറുപടി നൽകാറുണ്ടെന്നും പഞ്ചായത്ത് ഓഫീസിലെ ജോലി ഭാരം കൂടുതലായതിനാലും പ്രസ്തുത കാലയളവിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അപേക്ഷകന് മറുപടി നൽകുന്നതിനുവേണ്ടിയുള്ള ഫയലുകൾ കണ്ടെത്താൻ ബുദ്ധിമുട്ട് നേരിട്ടതിനാലാണ് ഹർജിക്കാരൻ 20.12.2017 ന് നൽകിയ അപേക്ഷയിൽ മറുപടി തയ്യാറാക്കാൻ 18.01.2018 തീയതി വരെ സമയം ആവശ്യമായി വന്നുവെന്നും 18.01.2018 ന് തയ്യാറാക്കിയ മറുപടി 19.01.2018 ന് ഡെസ്പാച്ച് ചെയ്തിരുന്നുവെന്നും സമീപത്തുള്ള പോസ്റ്റ് ഓഫീസ് പരിധിയിലുള്ള വിലാസമായതിനാൽ അന്നു തന്നെ കത്ത് ലഭിക്കേണ്ടതായിരുന്നുവെന്നും എന്നാൽ പോസ്റ്റൽ ഡിലേ കാരണമാകാം അപേക്ഷകന് കത്ത് ലഭിക്കുവാൻ താമസം നേരിട്ടതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമായവ സമയപരിധിക്കകം നൽകിയതായും അപ്പീൽ അധികാരിയുടെ നിർദ്ദേശം പാലിച്ചുകൊണ്ട് വിശദമായ മറുപടി നൽകി എന്നുമാണ് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ശ്രീ. പ്രസാദ്. വി.വി കമ്മീഷനെ ബോദ്ധ്യപ്പെടുത്തിയത്.

4. ഹർജിക്കാരന്റെ 20.12.2017 ലെ അപേക്ഷയ്ക്ക് 18.01.2018 ൽ മറുപടി തയ്യാറാക്കി 19.01.2018 തീയതി ഡെസ്പാച്ച് ചെയ്തു എന്നാണ് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയുടെ വാദം. ടി എതിർകക്ഷിയുടെ വാദം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമപ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം മറുപടി നൽകാനുള്ള ബാധ്യത സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുണ്ട്. അപേക്ഷയിൻമേൽ കൃത്യം 30 -ാമത്തെ ദിവസമാണ് മറുപടി അയച്ചു നൽകിയിട്ടുള്ളത്. ഇത് ഹർജിക്കാരന് ലഭിച്ചതാകട്ടെ 23.01.2018 തീയതിയിലും. 20.12.2017 ലെ അപേക്ഷയ്ക്ക് ഹർജിക്കാരന് മറുപടി നൽകുന്നതിൽ സംഭവിച്ച 4 ദിവസത്തെ വീഴ്ച മനപൂർവ്വമല്ലെങ്കിലും മേൽ പ്രസ്താവിച്ച പ്രകാരമുള്ള എതിർകക്ഷിയുടെ വാദം അസ്വീകര്യമാണെന്ന് കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ശ്രീ. പ്രസാദ്. വി.വി.യെ ശിക്ഷിക്കുവാനും ശിക്ഷയായി 1,000/- രൂപ (ആയിരം രൂപ മാത്രം) ടിയാളിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

5. ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷി **1,000/-** രൂപ **"0070-60-118-99 Receipts under the Right to Information Act, 2005"** എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഇപ്രകാരം ഫയലിലെ നടപടികൾ തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 16 -ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി